## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 390** **04.06.2018 ൽ മറുപടിയ്ക്ക്**

## വനിത പ്രൊട്ടക്ഷൻ ഓഫീസർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ നീതി വകുപ്പിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ നിയമനത്തിനുവേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുവാൻ തീർത്തും താൽക്കാലികമായി വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനായി ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും വ്യക്തമാക്കാമോ; | (ബി) | വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി 20.09.2017 തീയതിയിൽ സാമൂഹ്യ നീതി ഡയറക്ടർ അംഗീകരിച്ച ലിസ്റ്റിൽ 7 പേർ ഉണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരേയും ആർക്കും നിയമനം നല്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നിയമനം വൈകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താൽക്കാലിക നിയമനത്തിന്റെ ശമ്പള സ്കെയിലിൽ വ്യക്തത വരുത്തേണ്ടതുണ്ടായിരുന്നു. ആയതിനാലാണ് നിയമനത്തിന് കാലതാമസം ഉണ്ടായത്. |
| (ഡി) | നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) | താൽക്കാലിക നിയമനത്തിന്റെ ശമ്പള സ്കെയിലിനുള്ള സ്പഷ്ടീകരണം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | നിയമന നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | തുടർനടപടി വനിതാ ശിശു വികസന ഡയറക്ടറേറ്റ് മുഖേന ത്വരിതഗതിയിൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.